# പൊയ്മുഖം മാത്രമുള്ളവർ

കാഴ്ചപ്പാട് ● ഷഹനാസ്

**മാർക്സിസം** നിരീശ്വരവാദത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ജീവിത വ്യവസ്ഥയാണെന്നത് തർക്കരഹിതമാണ്. മാർക്സിസ്റ്റുകാരും വിരുദ്ധരും ഒരുപോലെ ഇതംഗീകരിക്കുന്നു. എന്നാൽ എക്കാലത്തും ബഹുജനങ്ങൾ മതവിശ്വാസികളായിരുന്നു. ആധുനിക കാലത്തും ഉത്തരാധുനിക കാലത്തും ഇതാണവസ്ഥ. നിരീശ്വരവാദം ഔദ്യോഗിക വീക്ഷണമായി സ്വീകരിച്ച ഒരു നാട്ടുരാജാവോ രാജ്യമോ ഗോത്രമോ സംസ്കാരമോ മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടില്ല. എങ്കിൽ മതവിശ്വാസികളായ ബഹുജനങ്ങൾക്കിടയിൽ നിരീശ്വരവാദ പ്രസ്ഥാനമായ മാർക്സിസ്റ്റു പാർട്ടികൾക്ക് എങ്ങനെ പ്രവർത്തിക്കാനാവും? ബഹുജനങ്ങളിൽ വലിയൊരു വിഭാഗത്തെ മാർക്സിസ്റ്റു പാർട്ടിക്കാരാക്കാൻ എങ്ങനെ സാധിച്ചു? ഉത്തരം ലളിതമാണ്: പൊയ്മുഖം. മാർക്സിസം നിരീശ്വരവാദപരമാണെങ്കിലും മാർക്സിസ്റ്റ് പാർട്ടിക്കാർ അമ്പല-പള്ളിക്കമ്മിറ്റികളിലുണ്ട്. വത്തിക്കാനിലും ശബരിമലയിലും മക്കയിലും അവർ പോകാറുമുണ്ട്. ഇത് സാധിക്കുന്നതിനും ഒരു കാരണമേയുള്ളൂ; താത്വികവും പ്രായോഗികവുമായ പൊയ്മുഖം. മാർക്സിസത്തിന്റെ നിരീശ്വരാടിത്തറയും വീക്ഷണങ്ങളും മറച്ചുവെച്ചുകൊണ്ട് തൊഴിലില്ലാത്തവരെ മുതൽ മാസം അമ്പതിനായിരം രൂപ ശമ്പളം വാങ്ങുന്നവരെ വരെ വേതനവർധനവിന് സമര രംഗത്തിറക്കാൻ നേതാക്കൾക്ക് സാധിക്കുന്നു. തൊഴിലില്ലാത്തവനും അരലക്ഷം ശമ്പളമായും അതിലേറെ കിമ്പളമായും വാങ്ങുന്നവനും തൊഴിലാളിവർഗമാണെന്ന വഞ്ചനാത്മകമായ പ്രത്യയശാസ്ത്ര പൊയ്മുഖം ധരിച്ചാണ് ഇന്നത്തെ മാർക്സിസ്റ്റു നേതാക്കൾ 'നാടുനീങ്ങുന്ന'ത്. മാർക്സിസത്തിന്റെ സത്തയായ മതവിരുദ്ധതയെ മറച്ചുവെക്കാൻ ഉപയോഗിക്കുന്നത് 'തൊഴിലാളി വർഗ' പ്രസ്ഥാനമെന്ന മറ്റൊരു പൊയ്മുഖമാണ്.

മതത്തോടുള്ള കമ്യൂണിസ്റ്റ് പാർട്ടികളുടെ നിലപാട് മാർക്സിസ്റ്റ് ആചാര്യന്മാർ ഒട്ടും അവ്യക്തതയില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്. 'മതത്തെപ്പറ്റി' എന്ന പേരിൽ സമാഹരിച്ചിട്ടുള്ള മാർക്സ്-എംഗൽസ്-ലെനിൻ രചനകളിൽ ഇങ്ങനെ കാണാം: "മാർക്സിസം ഭൗതികവാദമാണ്. ആയർഥത്തിൽ 18-ാം നൂറ്റാണ്ടിലെ എൻസൈക്ലോപീഡിസ്റ്റുകളും ഫയർബാക്കിന്റെ ഭൗതികവാദവും എത്ര കണ്ടു തീവ്രമായി മതത്തിനെതിരായിരുന്നുവോ അതേതരത്തിൽ മാർക്സിസവും മതത്തിനെതിരാണ്..... മതത്തിനെതിരെ പോരാടുക-ഇതാണ് എല്ലാ ഭൗതികവാദത്തിന്റെയും അതുകൊണ്ടുതന്നെ മാർക്സിസത്തിന്റെയും ഹരിശ്രീ മന്ത്രം" (പേജ് 136).

18-ാം നൂറ്റാണ്ടിലെ ഭൗതികവാദ ആശയങ്ങൾ പേറിനടന്ന മാർക്സും എംഗൽസും മാത്രമല്ല 20-ാം നൂറ്റാണ്ടിൽ ജീവിച്ച ഇ.എം.എസ് നമ്പൂതിരിപ്പാടും ഇതു തന്നെയാണ് ആവർത്തിച്ചത്. അദ്ദേഹം എഴുതി: "മാർക്സിസം ഭൗതികവാദമാണ്. അത് വിട്ടുവീഴ്ചയില്ലാതെ മതത്തിനെതിരാണ്. ഇത് തർക്കമറ്റ കാര്യമാണ്. നാം മതത്തോട് ഏറ്റുമുട്ടണം. എങ്ങനെ ഏറ്റുമുട്ടണമെന്ന് നമുക്ക് അറിഞ്ഞിരിക്കണം. മതത്തിന്റെ സാമൂഹിക വേരുകൾ പിഴുതുകളയലാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം" (സാംസ്കാരിക വിപ്ലവം, മതം, മാർക്സിസം പേജ് 59).

"നാം മതത്തോട് ഏറ്റുമുട്ടണം" എന്ന ഇ.എം.എസ് വചനം പാർട്ടി വീക്ഷണമായിട്ടും മാർക്സിസ്റ്റുകൾ ഇപ്പോൾ ചെയ്യുന്നതെന്താണ്? മതത്തോട് ഏറ്റുമുട്ടുകയല്ല, മതത്തിനുവേണ്ടി ഏറ്റുമുട്ടുകയാണവർ! അമ്പലക്കമ്മിറ്റികളും പള്ളിക്കമ്മിറ്റികളും പിടിച്ചെടുക്കാൻ പാർട്ടി പ്രവർത്തകർ തന്നെ

പരസ്യമായി ഇറങ്ങുന്നത് കേരളത്തിലെ പതിവുകാഴ്ചയാണ്! മതത്തിനെതിരെ പോരാടുക' എന്ന മാർക്സിസസത്തിന്റെ ഹരിശ്രീ മന്ത്രം ഒഴിവാക്കി അവർ അല്ലാഹുവെയും യേശുവിനെയും അയ്യപ്പനെയും വിളിച്ചുകൊണ്ടിരിക്കുന്നു! ഇതേക്കാൾ വലിയ കാപട്യവും പൊയ്മുഖവും അണിയേണ്ട ഗതികേട് മാർക്സിസ്റ്റ് പാർട്ടികൾക്കല്ലാതെ മറ്റേതെങ്കിലും പ്രസ്ഥാനങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ? നിരീശ്വരവാദവും ഭൗതികവാദവും മതത്തെ വേരോടെ പിഴുതെറിയലും ആദർശമാക്കുന്ന മാർക്സിസ്റ്റു പാർട്ടികൾ അതെല്ലാം ബഹുജനങ്ങളിൽനിന്നും മറച്ചു പിടിക്കുന്നതിൽപരം കാപട്യം മറ്റെന്തുണ്ട്?

ഈ പൊയ്മുഖം വെറും ഏച്ചുകെട്ടലോ അവസരോചിത നയമോ അല്ല. മറിച്ച് മാർക്സിസ്റ്റു പാർട്ടിയുടെ ഘടനതന്നെ പൊയ്മുഖാധിഷ്ഠിതമാണ്. മാർക്സിസ്റ്റു പാർട്ടിയിലെ അംഗങ്ങൾ മതവിശ്വാസികളാകരുതെന്ന് അനുശാസിക്കുന്ന പാർട്ടിതന്നെ അനുഭാവികൾക്ക് മതവിശ്വാസമാകാമെന്നും സമ്മതിക്കുന്നു! ഇക്കാര്യം വ്യക്തമാക്കി വി.എസ് അച്യുതാനന്ദൻ *ചിന്ത* വാരികയിൽ എഴുതിയിരിക്കുന്നു: "ഏത് മാർക്സിസ്റ്റ് പാർട്ടിയും ആധാരമാക്കുന്നത് വൈരുധ്യാധിഷ്ഠിത ഭൗതികതയാണ്. ഈശ്വരനില്ലാത്തത് കൊണ്ട് വ്യക്തികൾക്ക് ഈശ്വരവിശ്വാസം ആവശ്യമില്ലെന്നാണ് ആ ദർശനത്തിന്റെ കണ്ടെത്തൽ. അതിനുവേണ്ടിയാണ് കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിക്കുന്നത്. അതിനാൽ അതിലെ അംഗങ്ങൾ മതവിശ്വാസികളാവരുത്." ഒരു പാർട്ടിയിൽ തന്നെ രണ്ടുതരം വിശ്വാസങ്ങൾ സൃഷ്ടിക്കുന്നത് കാപട്യവും പൊയ്മുഖവുമല്ലെങ്കിൽ മറ്റെന്താണ്? മാർക്സിസ്റ്റു പാർട്ടി ഘടനാപരമായി തന്നെ പൊയ്മുഖാധിഷ്ഠിതമാണെന്ന് ഇതിൽനിന്നും വ്യക്തമാണ്.

"ദാർശനിക തലത്തിൽ ഉത്തരദക്ഷിണ ധ്രുവങ്ങളിൽ നിൽക്കുന്ന രണ്ടാശയഗതികളാണ് മതവിശ്വാസവും കമ്യൂണിസവു''മെന്ന് ഇ.എം.എസ് തന്നെ എഴുതിയിട്ടുണ്ട് (കെ.ഇ.എൻ കുഞ്ഞഹമ്മദ് *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 27 മാർച്ച് 2005 ലേഖനത്തിൽ ഉദ്ധരിച്ചത്). ഉത്തര-ദക്ഷിണ ധ്രുവങ്ങളിൽ നിൽക്കുന്ന രണ്ട് ആശയങ്ങളെ ഒരു പാർട്ടിക്കകത്ത് തിരുകിക്കയറ്റിയ മറ്റേതെങ്കിലും പാർട്ടികൾ ലോക ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ആശയപരമായി ഇത്ര കടുത്ത പൊയ്മുഖം അണിയാൻ മാർക്സിസ്റ്റു പാർട്ടികളെ പ്രേരിപ്പിക്കുന്നത് അധികാരക്കൊതി ഒന്നുമാത്രമാണ്. ന്യൂനപക്ഷം വരുന്ന നിരീശ്വരവാദികളായ പാർട്ടി മെമ്പർമാർക്ക് ജനാധിപത്യത്തിൽ ഒരിക്കലും അധികാരത്തിലെത്താനാവില്ല. അതിനാൽ മതവിശ്വാസികളായ ബഹുഭൂരിപക്ഷത്തിന്റെ തോളിൽ ചവിട്ടി വേണം അധികാരസ്ഥാനങ്ങളിലെത്താൻ. അധികാരം കിട്ടിയശേഷമാണ് മതവിശ്വാസത്തെ ഉന്മൂലനം ചെയ്യേണ്ടത്! (സോവിയറ്റ് യൂനിയനിൽ മതത്തെ 'ഉന്മൂലനം' ചെയ്ത് ഏതാനും ദശകങ്ങൾക്കകം മാർക്സിസം തകരുകയും മതങ്ങൾ മടങ്ങിവരുകയും ചെയ്തു എന്നത് തൽക്കാലം മറക്കുക). അധികാരം പിടിക്കാൻ മതവിശ്വാസത്തെ പൊയ്മുഖമാക്കിയ ഏക പാർട്ടി മാർക്സിസ്റ്റു പാർട്ടിയാണെന്ന് ഇതിൽനിന്നും തെളിയുന്നില്ലേ?

ആദർശപരമായും നയപരമായും കാപട്യം മുഖമുദ്രയാക്കിയ മാർക്സിസ്റ്റു പാർട്ടികൾ ഇതിനെയെല്ലാം നിഷ്പ്രഭമാക്കുന്ന മറ്റൊരു പൊയ്മുഖം കൂടി അണിഞ്ഞതായി കാണാം. മാർക്സും എംഗൽസും ചേർന്നെഴുതിയ 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യിലെ ഈ വാചകം നോക്കൂ: "കമ്യൂണിസ്റ്റുകാർ തങ്ങളുടെ വീക്ഷണങ്ങളെയും ലക്ഷ്യങ്ങളെയും മറച്ചുവെക്കാൻ വിസമ്മതിക്കുന്നു. നിലവിലുള്ള സാമൂഹിക വ്യവസ്ഥിതിയെ ബലപ്രയോഗത്തിലൂടെ കശക്കിയെറിഞ്ഞാൽ മാത്രമേ തങ്ങളുടെ ലക്ഷ്യങ്ങൾ സാക്ഷാൽകരിക്കാൻ കഴിയൂ എന്നവർ തുറന്നു പ്രഖ്യാപിക്കുന്നു."

'കമ്യൂണിസ്റ്റുകാർ തങ്ങളുടെ വീക്ഷണങ്ങളെയും ലക്ഷ്യങ്ങളെയും മറച്ചുവെക്കാൻ വിസമ്മതിക്കുന്നു' എന്ന് ആചാര്യന്മാർ എഴുതിയിട്ടുണ്ടെങ്കിലും അവയെല്ലാം മറച്ചു വെച്ച് അവയൊഴിച്ച് മറ്റെല്ലാം പ്രസംഗിക്കുന്ന നേതാക്കളുടെ പാർട്ടിയായി മാർക്സിസ്റ്റ് പ്രസ്ഥാനങ്ങൾ ഇന്ന് മാറിയിട്ടുണ്ട്. 'സാമൂഹിക വ്യവസ്ഥിതിയെ ബലപ്രയോഗത്തിലൂടെ കശക്കിയെറി'യുമെന്ന് പ്രഖ്യാപിക്കുന്നതിനു പകരം മുതലാളിത്ത വ്യവസ്ഥയെ എങ്ങനെയെല്ലാം പരിപോഷിപ്പിക്കാമെന്ന 'ചിന്ത'യാണ് പാർട്ടി ബുദ്ധിജീവികൾ നടത്തിക്കൊണ്ടിരിക്കുന്നത്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സാമ്പത്തിക ഏജൻസിയായ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിനെ കേരളത്തിൽ എങ്ങനെ വികസനത്തിന്റെ പൊയ്മുഖമണിയിച്ച് കുടിയിരുത്താമെന്നതിന് താത്വിക ന്യായങ്ങൾ കണ്ടെത്താനാണ് പാർട്ടി ബുദ്ധിജീവികൾ കഴിഞ്ഞ നാലുവർഷം കിണഞ്ഞു പരിശ്രമിച്ചത്. സാമൂഹിക വ്യവസ്ഥയെ ബലപ്രയോഗത്തിലൂടെ മാറ്റണമെന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന മാർക്സിസ്റ്റ് പാർട്ടി ബലപ്രയോഗം ഒഴിവാക്കിയെന്നു മാത്രമല്ല മാറ്റേണ്ട കാര്യമെന്തിരിക്കുന്നു എന്നിടത്തോളം എത്തിയിട്ടു

ണ്ട്. 'ബലപ്രയോഗ'മെന്ന വിപ്ലവരീതിശാസ്ത്രത്തിന്റെ സ്ഥാനത്ത് ബലവും വേണ്ട പ്രയോഗവും വേണ്ട എന്നിത്യാദി പൊയ്മുഖങ്ങൾ സ്ഥാപിതമായെന്നർഥം. ജമാഅത്തെ ഇസ്‌ലാമി പോലുള്ള 'മതമൂരാച്ചികളായ മുതലാളിത്ത' ആശയവാദികൾ ആഗോളവൽക്കരണത്തിനും കോർപറേറ്റ് മുതലാളിത്തത്തിനും എതിരെ ബഹുജനസമരങ്ങൾ സംഘടിപ്പിക്കുമ്പോൾ സാമ്രാജ്യത്വ ഏജൻസികളായ എ.ഡി.ബിക്കും ലാവ്‌ലിൻ പോലുള്ള ബഹുരാഷ്ട്രക്കമ്പനികൾക്കും 'ചുവപ്പു'പരവതാനി വിരിക്കുകയാണ് മാർക്സിസ്റ്റു മന്ത്രിമാർ! ജീവിത കാലം മുഴുവൻ മുതലാളിത്തത്തെ ഇല്ലായ്മ ചെയ്യാൻ തൂലിക ചലിപ്പിച്ചവരാണ് മാർക്സിസ്റ്റ് ആചാര്യന്മാരെങ്കിൽ നോം ചോംസ്കിയെയും എഡ്വേർഡ് സെയ്ദിനെയും ഉദ്ധരിച്ച് എ.ഡി.ബിക്ക് സേവ ചെയ്യുന്ന പാർട്ടിയെ ന്യായീകരിക്കാൻ തലപുകക്കുകയാണ് പാർട്ടി ബുദ്ധിജീവികൾ! മാർക്സിസ്റ്റ് ആചാര്യന്മാർക്ക് ഇന്നത്തെ മാർക്സിസ്റ്റ് നേതാക്കൾ അണിയിച്ച പൊയ്മുഖങ്ങൾ എണ്ണിത്തിട്ടപ്പെടുത്താനാവുമോ?

'പൊയ്മുഖം' ആരോപണമായി ഉന്നയിച്ചത് മാർക്സിസ്റ്റ് പാർട്ടിയിലെ ഔദ്യോഗിക വിഭാഗം നേതാവാണ്. പാർട്ടിയിലെ ശുദ്ധ മാർക്സിസ്റ്റുകാരെ സംബന്ധിച്ചേടത്തോളം മാർക്സിസത്തിന്റെ പൊയ്മുഖം ധരിച്ച വിഭാഗത്തിന്റെ പ്രതിനിധിയാണിദ്ദേഹം. മുതലാളിത്ത കോർപറേറ്റ് ശക്തികൾക്ക് വേണ്ടി മാർക്സിസത്തെ മറയാക്കി വിടുവേലക്കിറങ്ങിയവരാണ് ഔദ്യോഗികപക്ഷമെന്ന് ഇവർ വിലയിരുത്തുന്നു. ചുരുക്കത്തിൽ മാർക്സിസ്റ്റു പാർട്ടിയിലെ ആദർശവാദികളെ സംബന്ധിച്ചേടത്തോളം പ്രായോഗികവാദികളായ ഇന്നത്തെ നേതാക്കൾ മാർക്സിസം പൊയ്മുഖമാക്കിയ പ്രഛന്ന മുതലാളിത്തത്തിന്റെ വക്താക്കളാണ്. ഇവയെല്ലാം കൂടി കണക്കിലെടുത്താൽ പാർട്ടി നേതാവ് അണിഞ്ഞിട്ടുള്ള മൊത്തം പൊയ്മുഖങ്ങളുടെ എണ്ണം എത്രവരും?

മാർക്സിസ്റ്റുകാർ പോലും അംഗീകരിക്കാൻ നിർബന്ധിതരാവുന്ന പൊയ്മുഖങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. എന്നാൽ അവർ ഒരിക്കലും സമ്മതിക്കാത്ത പൊയ്മുഖങ്ങൾ വേറെയുണ്ട്.

ഒന്ന്, മാർക്സിസം സാർവകാലികമോ സാർവജനീനമോ ആയ വീക്ഷണമല്ല. പാശ്ചാത്യ സമൂഹങ്ങളിലെ വെള്ളക്കാരായ ഫാക്ടറി തൊഴിലാളികളായിരുന്നു മാർക്സിസ്റ്റ് ആചാര്യന്മാരുടെ മുഖ്യവിഷയം. ആ നാടുകളിൽ അക്കാലത്ത് നിലനിന്നിരുന്ന ഏറ്റവും ഗുരുതരമായ സാമൂഹിക പ്രശ്നമായ കറുത്തവർഗക്കാരോടുള്ള വംശീയവിവേചനത്തെപ്പറ്റി മാർക്സ് നിശബ്ദനായിരുന്നു. വംശീയവിവേചനം എന്താണെന്ന് മനസ്സിലാക്കാനുള്ള ശ്രമം പോലും മാർക്സ് അടക്കമുള്ള ആചാര്യന്മാർ നടത്തിയിട്ടില്ല. മാർക്സിന്റെ കാലഘട്ടത്തിൽ തൊഴിലാളി എന്ന സ്ഥാനം പോലും അനുവദിച്ചു കിട്ടാതിരുന്ന കറുത്തവർഗക്കാർ അടിമകളായാണ് (slaves) കണക്കാക്കപ്പെട്ടത്. മാർക്സ് 'മഹാനായൊരു മനുഷ്യസ്നേഹി'യായിരുന്നെങ്കിൽ ആദ്യം മോചിപ്പിക്കേണ്ടിയിരുന്നത് വെള്ളക്കാരായ ഫാക്ടറി തൊഴിലാളികളെയല്ല, കറുത്ത വംശക്കാരായ അടിമകളെയായിരുന്നു. അതിനാൽ മാർക്സിസം അടിസ്ഥാനപരമായി വെള്ളക്കാരുടെ ദർശനമാണ്. ഹ്യൂമനിസത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുകയും (ജോർജ് ബുഷ് ഏതു സമയവും സംസാരിച്ചത് ജനാധിപത്യത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ചാണല്ലോ) ഒട്ടും ഹ്യൂമനിസ്റ്റല്ലാതിരിക്കുകയും ചെയ്യുന്ന പാശ്ചാത്യരായ ഏതു ദർശനങ്ങൾക്കുമുള്ള പരിമിതി മാർക്സിസത്തിലും കാണാം.

രണ്ട്, മാർക്സിസം അടിസ്ഥാനപരമായി സാമ്രാജ്യത്വവിരുദ്ധമല്ല. കാൾ മാർക്സ് തന്നെ ബ്രിട്ടന്റെ കോളനിവാഴ്ചയെ ഭാഗികമായി അംഗീകരിക്കുകയുണ്ടായി. ചരിത്രപരമായി പുരോഗമനാത്മകമായ കാര്യമാണ് ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ കോളനിവാഴ്ച എന്ന കാഴ്ചപ്പാടാണ് മാർക്സിനുണ്ടായിരുന്നത്. ലോകമെമ്പാടുമുള്ള മാർക്സിസ്റ്റ് പാർട്ടികൾ കോളനി വാഴ്ചയെ ന്യായീകരിച്ചവരും കോളനിവാഴ്ചാ സമരങ്ങളെ പിന്തുണക്കാത്തവരുമായിരുന്നു. മാർക്സിസത്തെപ്പറ്റി ഉപരിപ്ലവമായി മനസ്സിലാക്കിയ അനുകൂലികൾക്കും പ്രതികൂലികൾക്കും ഈ യാഥാർഥ്യം മനസ്സിലാകണമെന്നില്ല. എന്നാൽ ആഴത്തിൽ പഠിച്ചവർക്ക് ഇത് ഗ്രാഹ്യമാകും. കേരളത്തിലെ ഇടതുപക്ഷ ബുദ്ധിജീവിയായ ഡോ. സുനിൽ പി. ഇളയിടം എഴുതിയ ഈ വരി ശ്രദ്ധിക്കൂ: "രണ്ടാം ഇന്റർനാഷണലിന്റെ കാലത്ത് കൊളോണിയലിസം ആഫ്രോ-ഏഷ്യൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ പുരോഗമനപരമായ ദൗത്യമാണ് നിർവഹിക്കുന്നതെന്നു പോലും വാദിക്കപ്പെട്ടത് അങ്ങനെയാണ്. ലെനിന്റെയും റോസാലക്സംബർഗിന്റെയും മറ്റും നേതൃത്വത്തിൽ ഈ വാദഗതി ചെറുത്തു തോൽപിക്കപ്പെട്ടെങ്കിലും മുഖ്യധാരാ മാർക്സിസത്തിനകത്ത് കൊളോണിയൽ ചൂഷണത്തോടുപോലും വികസനവാദപരമായ ഒത്തുതീർപ്പിനു സന്നദ്ധമായ ഒരു ധാര ഉണ്ടായിരുന്നു എന്നത് പ്രധാനമാണ്" (*മാധ്യമം*

ആഴ്ചപ്പതിപ്പിലെ ലേഖനപരമ്പര, 2007 ഡിസംബർ 3, പേജ് 34).

മാർക്സ് പോലും ഈ നിലപാടുകാരനായിരുന്നു എന്ന വസ്തുതയിരിക്കെ ലെനിനും റോസാ ലക്സംബർഗും വിയോജിപ്പ് രേഖപ്പെടുത്തിയതിന് എന്ത് പ്രസക്തിയാണുള്ളത്? മാർക്സിസം അടിസ്ഥാനപരമായി കൊളോണിയൽ വിരുദ്ധമല്ല എന്ന വസ്തുത അംഗീകരിക്കാൻ പ്രഖ്യാപിത മാർക്സിസ്റ്റുകൾക്കാവില്ല എന്നത് ബുദ്ധിപരമായ സത്യസന്ധതയില്ലായ്മയുടെ തെളിവു മാത്രമാണ്. മാർക്സിസം തന്നെ കൊളോണിയൽ വിരുദ്ധമല്ലെങ്കിൽ ഇ.എം.എസ് ഗവൺമെന്റ് ബിർളയെ ക്ഷണിച്ചു വരുത്തുന്നതും പിൻഗാമികൾ ലാവ്‌ലിൻ കമ്പനിയെ കുടിയിരുത്തുന്നതും മാർക്സിസ്റ്റ് വിരുദ്ധമാകുന്നതെങ്ങനെ? അതിനാൽ മാർക്സിസ്റ്റ് പാർട്ടികളുടെ സാമ്രാജ്യത്വ വിരുദ്ധമുഖം പോലും 'മൗലികത'യുള്ള ഒരു പൊയ്മുഖമാണ്.

മാർക്സിന്റെ നാലുവാല്യം വരുന്ന 'മൂലധനം' എന്ന ബൃഹദ്പഠനം മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ സാങ്കേതിക വിശകലനം മാത്രമാണ്. ആ വ്യവസ്ഥ സൃഷ്ടിച്ചതോ സൃഷ്ടിക്കാൻ സാധ്യതയുള്ളതോ ആയ മാനുഷിക-സാമൂഹിക പ്രശ്നങ്ങളുടെ പത്ത് ശതമാനം പോലും മാർക്സിന്റെ വിശകലനങ്ങളിൽ വന്നിട്ടില്ല. മനുഷ്യന്റെ സാമ്പത്തിക പ്രശ്നങ്ങൾ നാണയ വിശകലനത്തിലൂടെ പരിഹരിക്കാവുന്നതല്ല എന്ന് ഇന്ന് ബോധ്യമായിട്ടുണ്ട്. മനുഷ്യന്റെ സാമ്പത്തിക പ്രശ്നങ്ങൾക്കെങ്കിലും മാർക്സിസം പരിഹാരമാണെന്നത് അന്തിമവിശകലനത്തിൽ ഒരു മിത്തായിമാറുന്നു. ■